പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1386 30.01.2018 ൽ മറുപടിയ്ക്ക്

## കുറിഞ്ഞി സങ്കേതത്തിലെ കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.എം.ഉമ്മർ | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |

| | | |
|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ കുറിഞ്ഞി സങ്കേതത്തിലെ കയ്യേറ്റം ഒഴിപ്പിക്കുവാൻ സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കുമോ; | (എ) നിലവിലെ സ്ഥിതി തിട്ടപ്പെടുത്തുന്നതിന് ജി.ഒ.(എം.എസ്)69/2015 പ്രകാരം തണ്ടപ്പേർ പുന:പരിശോധന നടന്നുവരുന്നു. ആയതിനു ശേഷം അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ സങ്കേതത്തിന്റെ വിസ്തൃതി എത്ര ഏക്കറാണെന്ന് വെളിപ്പെടുത്താമോ; | (ബി) 06.10.2006 ലെ ജി.ഒ(പി) 36/2006/എഫ് & ഡബ്ല്യു എൽ.ഡി. നമ്പർ ഉത്തരവ് പ്രകാരം വട്ടവട വില്ലേജിലെ ബ്ലോക്ക് 62 ലും കൊട്ടകാംബൂർ വില്ലേജിലെ ബ്ലോക്ക്58 ലും ഉൾപ്പെടുന്ന ഏകദേശം 3200 ഹെക്ടർ ഭൂമിയാണ് നീലകുറിഞ്ഞി ഉദ്യാനമായി നോട്ടിഫൈ ചെയ്തിട്ടുള്ളത്. |
| (സി) | സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) യും, (ഡി) യും നീലകുറിഞ്ഞി സങ്കേതത്തിനായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്ത് പട്ടയഭൂമി എത്രയുണ്ട്, കൈയ്യേറ്റഭൂമി എത്രയുണ്ട്, കൈവശസ്ഥലത്ത് വീടോ, സ്ഥാപനങ്ങളൊ ഉണ്ടോ, ടി പ്രദേശത്ത് ഏതെല്ലാം തരത്തിലുള്ള മരങ്ങൾ ഉണ്ട് തുടങ്ങിയവയിൽ വ്യക്തത വരുത്തുന്നതിലേയ്ക്കായി സർവ്വേ നടപടികൾ അടിയന്തിരമായി തീർപ്പാക്കുവാനും, ടി സർവ്വേ നടപടികൾ സുഗമമാക്കുന്നതിനും, വേഗത്തിലാക്കുന്നതിനും, റവന്യൂ, വനം, പോലീസ് വകുപ്പ് ഉദ്യോഗസ്ഥരുടെ സഹകരണത്തോട് കൂടിയുള്ള നടപടികൾ സ്വീകരിക്കുന്നതിനും സെറ്റിൽമെന്റ് ഓഫീസർ / ദേവികുളം സബ് കളക്ടർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ 23/11/2017-ലെ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ പ്രസ്തുത നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ